## പതിമൂന്നാം കേരള നിയമസഭ - ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:2048 12/02/2013 - ൽ മറുപടിക്ക്

### വെട്ടം മാതൃകാമത്സ്യഗ്രാമം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. സി. മമ്മൂട്ടി: | ശ്രീ.കെ. ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി): |
| (എ) തിരൂർ നിയോജക മണ്ഡലത്തിൽ മാതൃകാ മത്സ്യഗ്രാമമായി പ്രഖ്യാപിച്ചിട്ടുള്ള "വെട്ടം മത്സ്യഗ്രാമ" ത്തിൽ 2013-14 വർഷത്തിൽ നടപ്പിലാക്കാൻ പോകുന്ന പദ്ധതികൾ എന്തെല്ലാമെന്ന് വിശദീകരിക്കുമോ; | (എ) വെട്ടം മത്സ്യഗ്രാമത്തിനെ മാതൃകാ മത്സ്യഗ്രാമമാക്കി സർക്കാർ ഉത്തരവായിരുന്നുവെങ്കിലും 13-ാം ധനകാര്യ കമ്മീഷൻ അവാർഡ് ഉപയോഗിച്ച് 11 മത്സ്യഗ്രാമങ്ങളിൽ പദ്ധതി നടപ്പിലാക്കുന്നതിനാണ് ഭരണാനുമതി നൽകിയത്. അതിനാൽ വെട്ടം പഞ്ചായത്തിൽ സമഗ്ര വികസനം നടപ്പിലാക്കുന്നതിനായി സംയോജിത മത്സ്യഗ്രാമ പദ്ധതിയിൽ ഉൾപ്പെടുത്തി വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നു. |
| (ബി) 21.12.2011 - ലെ സ.ഉ.(സാധാ) നം. 874/11/മ.തു.വ. ഉത്തരവ് പ്രകാരം മാതൃകാ മത്സ്യഗ്രാമമായി പ്രഖ്യാപിച്ച വെട്ടം ഗ്രാമപഞ്ചായത്തിൽ നാളിതുവരെ ഒരു പദ്ധതിയും ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടില്ല എന്നുള്ള വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കാൻ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യ | (ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സംയോജിത മത്സ്യഗ്രാമ വികസന പദ്ധതിയിലുൾപ്പെടുത്തി വെട്ടം പഞ്ചായത്തിൽ പറവണ്ണ മത്സ്യഗ്രാമത്തിൽ 52.45 ലക്ഷം രൂപയുടെ കുടിവെള്ള പദ്ധതിയും, 59.73 ലക്ഷം രൂപയുടെ വൈദ്യുതീകരണവും നടപ്പിലാക്കുന്നു. കൂടാതെ 13-ാം ധനകാര്യ കമ്മീഷൻ ശുപാർശ പ്രകാരം, മാതൃകാ മത്സ്യഗ്രാമ പദ്ധതിയിലുൾപ്പെടുത്തി പറവണ്ണ മത്സ്യഗ്രാമത്തിൽ 129 ടോയ്ലറ്റുകൾ നിർമ്മിക്കുന്നതിനുള്ള സഹായം |

| | | | |
|---|---|---|---|
| | ക്തമാക്കാമോ; | | നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (സി) | വെട്ടം പഞ്ചായത്തിലെ റോഡുകളുടെ പണികൾക്കാവശ്യമായ ഭരണാനുമതി പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ പ്രവൃത്തികളുടെ വിശദാംശങ്ങൾ അടങ്ങിയ പട്ടിക ലഭ്യമാക്കാമോ ; | (സി) | വെട്ടം പഞ്ചായത്തിലെ റോഡു പണിയ്ക്കായി 2009-10 ൽ രണ്ടു പ്രവൃത്തികൾക്കായി 36 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രവൃത്തികളുടെ വിശദാംശങ്ങൾ അടങ്ങിയ പട്ടിക ഇതോടൊപ്പം അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു. |
| (ഡി) | 2010 - 11, 2011 - 12, 2012-13 വർഷങ്ങളിൽ തീരദേശ റോഡുകളുടെ പണിക്കായി ആകെ എത്ര തുക അനുവദിച്ചു ; ജില്ല, നിയോജകമണ്ഡലങ്ങൾ തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ ; | (ഡി) | 2010-11, 2011-12, 2012-13 സാമ്പത്തിക വർഷങ്ങളിൽ തീരദേശ റോഡുകളുടെ പണിയ്ക്കായി ആകെ 210.29 കോടി രൂപ അനുവദിച്ചു. 2011-12, 2012-13 സാമ്പത്തിക വർഷത്തിൽ അനുവദിച്ച റോഡുകളുടെ ജില്ല, നിയോജക മണ്ഡലങ്ങൾ തിരിച്ചുള്ള കണക്ക് ഇതോടൊപ്പം അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു. |
| (ഇ) | മലപ്പുറം ജില്ലയിൽ കഴിഞ്ഞ മൂന്നു വർഷത്തിൽ ഭരണാനുമതി നൽകിയ തീരദേശ റോഡുകൾ പ്രവൃത്തി, തുക എന്നിവ ഉൾപ്പെടുന്ന വിശദാംശം - നിയോജക മണ്ഡലം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ? | (ഇ) | വിശദവിവരം അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്